പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 161

01.02.2018 ൽ മറുപടിക്ക്

## റോഡ് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
" പി.ടി. തോമസ്
" ഹൈബി ഈഡൻ
" എൽദോസ് പി. കുന്നപ്പിള്ളിൽ

(എ) ഹൈവേകൾ മരണക്കെണിയായി മാറിയിരിക്കുന്ന സാഹചര്യം പരിഗണിച്ച് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിയോഗിച്ച സമിതിയുടെ ശിപാർശകൾ കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് അപകടം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും സംസ്ഥാനത്തു വർദ്ധിച്ചു വരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും നാറ്റ്പാകിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പാതകളിൽ അപകടങ്ങൾ കൂടുതൽ സംഭവിച്ച മേഖലകൾ കണ്ടു പിടിക്കുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ദേശീയപാതയിലുൾപ്പെടാത്തവ 116 എണ്ണം മാത്രമാണ്. ഇവയിൽ 46 പാതകളിൽ മുൻഗണനാടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന – പോലീസ്- പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ബ്ലാക്ക് സ്പോട്ട് ഒഴിവാക്കുന്നതിനുള്ള പരിശോധനയും ക്രമീകരണവും നടത്തി വരികയാണ്.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി നിയോഗിച്ച സമിതിയുടെ ശുപാർശകൾ പ്രകാരം റെഡ് ലൈറ്റ് ജംപിംഗ്, ഓവർസ്പീഡ്, ഓവർലോഡ്, ചരക്കുവാഹനങ്ങളിൽ ആളുകൾ യാത്ര ചെയ്യൽ, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കൽ മദ്യമോ മറ്റ് ലഹരി വസ്തുക്കളോ ഉപയോഗിച്ചു കൊണ്ട് വാഹനമോടിക്കൽ, ഹെൽമറ്റ് ഇല്ലാതെ ഇരുചക്രവാഹനങ്ങൾ ഓടിക്കൽ, സീറ്റ് ബെൽറ്റ് ധരിക്കാതെ ഓടിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾക്കെതിരെ നടപടികൾ കർശനമാക്കിയിട്ടുണ്ട്. 2017 ഡിസംബർ 31 ന് അവസാനിച്ച പാദവർഷത്തിൽ മാത്രം മേൽപ്പറഞ്ഞ ഇനങ്ങളിൽപ്പെട്ട 778245 കുറ്റകൃത്യങ്ങൾ പോലീസ് വകുപ്പ് കണ്ടെത്തുകയും അവയിൽ 11036 നിയമലംഘകരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദു ചെയ്യുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ ട്രാഫിക് കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 51805 കേസുകളിൽ

പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുകയും 286588 പേർക്ക് കൗൺസിലിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2017 ൽ 23167 ലൈസൻസുകൾ വിവിധ ഗതാഗത ലംഘനങ്ങൾക്ക് റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട്.

തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാതെ നിരത്തിലോടുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. ഇരുചക്ര വാഹനങ്ങളിലെ യാത്രികർക്ക് ഹെൽമറ്റ് ധരിക്കുന്നത് ഉറപ്പു വരുത്തും വിധം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾ സ്വീകരിച്ചു വരുന്നു.

" കഴക്കൂട്ടം - അടൂർ മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ" പ്രോജക്റ്റിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ ഗ്രൂപ്പ് സാങ്കേതിക സഹായം നൽകി വരുന്നു.

| | | | |
|---|---|---|---|
| (സി) | റോഡ് സുരക്ഷ ഉറപ്പാക്കുവാൻ സമിതി നൽകിയ ശിപാർശകളിൽ ഇനിയും നടപ്പിലാക്കേണ്ടവ എന്തൊക്കെയാണ്; | (സി) | സമിതിയുടെ ശുപാർശകളിൽപ്പെടുന്ന കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ മുഴുവൻ സമയ റോഡ് സുരക്ഷാ കമ്മിഷണറെ നിയമിക്കുന്ന കാര്യവും ഇരുചക്ര വാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ഡി) | നടപ്പാതയുടെ കയ്യേറ്റങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്; | (ഡി) | നടപ്പാതയുടെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ – പോലീസ് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപ്പാതകൾ കൈയ്യേറിയവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | രാത്രികാലത്തെ അപകടം ഒഴിവാക്കുന്നതിനായി ഹൈവേ പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തുമോ? | (ഇ) | രാത്രികാലങ്ങളിൽ ഹൈവേകളിൽ ട്രാഫിക് പോലീസിന്റെ നേതൃത്വത്തിൽ പട്രോളിങ്ങ് സംവിധാനം നിലവിലുണ്ട്. രാത്രികാലങ്ങളിൽ അപകടം ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പിൽ നിന്നും 24 മണിക്കൂറും പ്രവർത്തിക്കുന്ന 44 ഹൈവേ പട്രോളിംഗ് ടീമുകളെയാണ് നിലവിൽ പട്രോളിംഗിനായി ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ